# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.03.2025**

### പ്രധാനവാർത്തകൾ

1. ആശാ പ്രവർത്തകരുടെ പ്രശ്നങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് ഇടപെടണമെന്ന് നിയമസഭയിൽ ആവശ്യപ്പെട്ട് പ്രതിപക്ഷം. ആശമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.
2. ആഴക്കടൽ ധാതുഖനനത്തിലെ നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐക്യകണ്ഠേന പാസ്സാക്കി. .
3. കോഴിക്കോട് - വയനാട് തുരങ്കപാത നിർമ്മാണത്തിന് സംസ്ഥാന പരിസ്ഥിതി ആഘാത സമിതിയുടെ അനുമതി.
4. സംസ്ഥാനത്ത് റാഗിങ് കേസുകൾ പരിഗണിക്കാൻ പ്രത്യേക ബഞ്ച് രൂപീകരിക്കാൻ ഹൈക്കോടതി നിർദ്ദേശം.
5. ആറ്റുകാൽ പൊങ്കാലയുടെ ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം ചേർന്നു.
6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് 265 റൺസ് വിജയലക്ഷ്യം.

PNUTVPM

&&&&&&&&&&&&&&&&

## നിയമസഭ

പ്രതിപക്ഷ നേതാവിന്റെ വാക്ക്ഔട്ട് പ്രസംഗം തടസ്സപ്പെടുത്തിയെന്ന് ചൂണ്ടിക്കാട്ടിയുള്ള രൂക്ഷമായ പ്രതിഷേധത്തെ തുടർന്ന്, നടപടികൾ വേഗത്തിൽ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആശാ പ്രവർത്തരുടെ ആവശ്യങ്ങളിൽ സർക്കാർ നടപടി ആവശ്യപ്പെട്ട് പ്രതിപക്ഷത്തു നിന്നും രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. 23 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരെ മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും ഗൗനിക്കുന്നില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു.

എന്നാൽ ആശാ പ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നതും ഇൻസെന്റീവ് നൽകുന്നതും കേരള സർക്കാരാണെന്ന് മന്ത്രി വീണ ജോർജ് മറുപടി നൽകി. സംസ്ഥാനത്ത് 13,000 രൂപ ഒരു ആശയ്ക്ക് ലഭിക്കുന്നതിൽ 7,000 രൂപ സംസ്ഥാന സർക്കാരാണ് നൽകുന്നതെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ആശമാരെ മുഖ്യമന്ത്രി നേരിൽ വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ ആവശ്യപ്പെട്ടു. പ്രതിഷേധത്തെ തുടർന്ന് പിരിഞ്ഞ സഭ ഈ മാസം 10 ന് വീണ്ടും സമ്മേളിക്കും.

RNU TVPM

&&&&&&&&&&&&&&&&

## ധാതു ഖനനം - പ്രമേയം

കേരളാ തീരത്തെ ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐക്യകണ്ഠേന പാസ്സാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. പ്രതിപക്ഷ ബഹളത്തിനിടെ പ്രമേയം സഭ വേഗത്തിൽ പാസ്സാക്കുകയായിരുന്നു. ആഴക്കടൽ ആവാസവ്യവസ്ഥയെയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും കേന്ദ്ര നിയമം പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക പ്രമേയം പങ്കു വക്കുന്നു

&&&&&&&&&&&&&&&&

**കോഴിക്കോട് - വയനാട് ഇൻട്രോ**

***കോഴിക്കോട് - വയനാട് തുരങ്കപാത നിർമ്മാണത്തിന് സംസ്ഥാന പരിസ്ഥിതി ആഘാത സമിതിയുടെ അനുമതി. 25 ഇന വ്യവസ്ഥകളോടെയാണ് അനുമതി നൽകിയിരിക്കുന്നത്. രേഖാമൂലമുള്ള അനുമതി കൂടി ലഭിക്കുന്നതോടെ ആനക്കാംപൊയിൽ - മേപ്പാടി തുരങ്കപാതയുടെ നിർമാണം ആരംഭിക്കും.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു--***

&&&&&&&&&&&&&&&&

**വയനാട് - കെ രാജൻ**

വയനാട് പുനരധിവാസം സമയബന്ധിതമായാണ് നടക്കുന്നതെന്ന് റവന്യു മന്ത്രി കെ.രാജൻ. ഈ മാസം തന്നെ ടൗൺഷിപ്പിന്റെ നിർമാണം ആരംഭിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിനായി യാതൊരു ബാധ്യതകളുമില്ലാത്ത ഭൂമികളാണ് ഏറ്റെടുക്കുക. വാടകവീടുകളിൽ ഉൾപ്പെടെ കഴിയുന്ന ദുരിതബാധിതർക്ക് ഈ മാസം മുതൽ 1,000 രൂപയുടെ സപ്ലൈകോ കാർഡ് നൽകുമെന്നും അതുവഴി അവശ്യവസ്തുക്കൾ വാങ്ങാമെന്നും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

**ആശാവർക്കർമാർ - സുരേഷ്ഗോപി**

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഇന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. തിരുവനന്തപുരത്ത് സമരം ചെയ്യുന്ന ആശാവർക്കർമാരുടെ പ്രശ്നങ്ങൾ ഇരുവരും ചർച്ച ചെയ്തതായാണ് വിവരം. കഴിഞ്ഞ ദിവസം സെക്രട്ടറിയേറ്റിനു മുന്നിലെ സമരപ്പന്തലിലെത്തി ശ്രീ സുരേഷ്ഗോപി ആശ പ്രവർത്തകരുടെ സമരത്തിന് പിന്തുണ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&

**<u>ഹൈക്കോടതി</u>**

സംസ്ഥാനത്ത് റാഗിങ് കേസുകൾ പരിഗണിക്കാൻ പ്രത്യേക ബഞ്ച് രൂപീകരിക്കുമെന്ന് ഹൈക്കോടതി. റാഗിങ് കേസുകൾ സംസ്ഥാനത്ത് കൂടി വരുന്ന പശ്ചാത്തലത്തിലാണ് തീരുമാനം. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചിൻറേതാണ് ഉത്തരവ്.

&&&&&&&&&&&&&&&&

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&

**<u>കിരൺ റിജിജു</u>**

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ സംസ്ഥാനത്തെത്തും. തിരുവനന്തപുരത്ത് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകനയോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

RNU TVPM

&&&&&&&&&&&&&&&&

**<u>സിപിഐഎം സംസ്ഥാന സമ്മേളനം</u>**

CPI(M) സംസ്ഥാന സമ്മേളനത്തിന് മറ്റന്നാൾ കൊല്ലത്ത് തുടക്കം. CPI(M) കോ-ഓർഡിനേറ്ററും, പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഈ മാസം ഒൻപത് വരെ നീളുന്ന സമ്മേളനത്തിൽ, വിവിധ ജില്ലകളിൽ നിന്ന് 486 പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള 44 നിരീക്ഷകരും അതിഥികളും പങ്കെടുക്കും.

&&&&&&&&&&&&&&&&

**<u>ആശാ പ്രവർത്തകർ - ബിജെപി</u>**

ആശാ പ്രവർത്തകർക്ക് പിന്തുണ പ്രഖ്യാപിച്ച് ബി ജെ പി യുടെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റിലേക്ക് മഹിളാ മാർച്ച് നടത്തി. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കണമെന്നത് ന്യായമായ ആവശ്യമാണെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത പാർട്ടി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു.

**&&&&&&&&&&&&&&&&**

ആറ്റുകാൽ പൊങ്കാല ( ഇൻട്രോ )

*ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് നാളെ തുടക്കം. രാവിലെ 10 ന് ദേവിയെ കാപ്പുകെട്ടി കുടിയിരുത്തുന്നതോടെയാണ് ചടങ്ങുകൾ ആരംഭിക്കുക. ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല ഈ മാസം 13 നാണ് .*

*പൊങ്കാലയുടെ ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം ചേർന്നു.*

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...*

*( വോയിസ്.... )*

RNU TVPM

**&&&&&&&&&&&&&&&&**

ചെട്ടികുളങ്ങര കുംഭ ഭരണി

ചെട്ടികുളങ്ങര കുംഭ ഭരണിയുടെ ചടങ്ങുകൾ പുരോഗമിക്കുന്നു. 13 കെട്ടുകാഴ്ചകളാണ് കാഴ്ച കണ്ടത്തിൽ അണിനിരക്കുന്നത്. കുത്തിയോട്ട സമർപ്പണം ഉച്ചയോടെ പൂർത്തിയായി.

**&&&&&&&&&&&&&&&&**

വി.മുരളീധരൻ

ഇസ്രയേൽ– ജോർദാൻ അതിർത്തിയിൽ സുരക്ഷാസൈന്യത്തിന്റെ വെടിയേറ്റ് മരിച്ച തിരുവനന്തപുരം സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വിദേശകാര്യ മന്ത്രി എസ്.ജയശങ്കറിനോട് മുൻ കേന്ദ്ര മന്ത്രി വി.മുരളീധരൻ അഭ്യർത്ഥിച്ചു. തുമ്പ സ്വദേശി തോമസ് ഗബ്രിയേൽ പെരേരയുടെ വീട് സന്ദർശിച്ചതിനു ശേഷമാണ് ഇടപെടൽ.

&&&&&&&&&&&&&&&&

**എസ് ഡി പി ഐ**

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ SDPI ദേശീയ അധ്യക്ഷൻ എം.കെ ഫൈസിയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. ഡൽഹി വിമാനത്താവളത്തിൽ നിന്നും ഇന്നലെ രാത്രി കസ്റ്റഡിയിൽ എടുത്തതായാണ് റിപ്പോർട്ടുകൾ

&&&&&&&&&&&&&&&&

RNU TVPM

**ചാമ്പ്യൻസ് ട്രോഫി**

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ആദ്യ സെമിയിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യക്ക് 265 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഓസ്ട്രേലിയ നിശ്ചിത 50 ഓവർ അവസാനിക്കാൻ മൂന്ന് പന്ത് ബാക്കി നിൽക്കെ പുറത്താവുകയായിരുന്നു. 73 റൺസെടുത്ത ക്യാപ്റ്റൻ സ്റ്റീവൻ സ്മിത്താണ് ഓസ്ട്രേലിയയുടെ ടോപ് സ്കോറർ .ഇന്ത്യക്കുവേണ്ടി മുഹമ്മദ് ഷമി മൂന്നും ,വരുൺ ചക്രവർത്തി ,രവീന്ദ്ര ജഡേജ എന്നിവർ രണ്ടു വിക്കറ്റ് വീതവും അക്സർ പട്ടേൽ,ഹർദിക് പാണ്ഡ്യ എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി . ദുബായ് ഇൻർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ എഫ്.സി ഗോവ ഇന്ന് മുഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30- ന് ഗോവയിലാണ് മത്സരം.

&&&&&&&&&&&&&&&&

ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 96 പോയിൻറ് താഴ്ന്ന് 72,990 ലും നിഫ്റ്റി 37 പോയിൻറ് നഷ്ടത്തിൽ 22,083 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കൂടി. പവന് 560 രൂപ കൂടി 64,080 രൂപയും ഗ്രാമിന് 8,010 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

യുവാവ് പിടിയിൽ

കോഴിക്കോട് പുതിയ ബസ്സ്റ്റാൻ്റ് പരിസരത്തു നിന്നും 89 ഗ്രാം MDMAയുമായി യുവാവ് പിടിയിൽ. കുണ്ടായിതോട് സ്വദേശി അജിത്തിനെയാണ് ബംഗളൂരുവിൽ നിന്നും ടൂറിസ്റ്റ് ബസ്സിൽ വന്നിറങ്ങുന്നതിനിടെ പോലീസ് പിടികൂടിയത്. പിടികൂടിയ മയക്കുമരുന്നിന് മൂന്നര ലക്ഷം രൂപ വില വരും.

PNU TVPM

&&&&&&&&&&&&&&&&

മന്ത്രി ഒ ആർ കേളു.

വനാവകാശ നിയമം ഉപയോഗപ്പെടുത്തി പട്ടികവർഗക്കാർക്ക് കൂടുതൽ കൃഷിഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഒ ആർ കേളു. പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ ഊരുകളിൽ നിന്നെത്തിയ മൂപ്പന്മാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഊരുകൂട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി വികസന പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കുമെന്നും മന്ത്രി പറഞ്ഞു. ഉന്നതികളിലെ വിവിധ വികസന വിഷയങ്ങളും കൃഷിയും വന്യമൃഗശല്യവും മൂപ്പന്മാർ മന്ത്രിയുമായി പങ്കുവെച്ചു.

&&&&&&&&&&&&&&&&

വട്ടവട - ഹർത്താൽ

പഞ്ചായത്തിലെ തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഇടുക്കി വട്ടവടയിൽ കോൺഗ്രസ് ആഹ്വാനം ചെയ്ത ഹർത്താൽ അവസാനിച്ചു. കടകമ്പോളങ്ങൾ പൂർണമായും അടഞ്ഞു കിടന്നു. വിനോദസഞ്ചാരികളുടെ വാഹനങ്ങൾ വട്ടവട പഞ്ചായത്തിലേക്ക് കടത്തിവിട്ടില്ല. റോഡുകൾ തകർന്നതോടെ ആശുപത്രിയിലേക്കും സ്കൂളിലേക്കും ഉൾപ്പടെയുള്ള യാത്ര ബുദ്ധിമുട്ടിലായ സാഹചര്യത്തിലാണ് ഹർത്താൽ നടത്തിയത്.

&&&&&&&&&&&&&&&&

<u>റവന്യൂവരുമാനം 5000 കോടി കടന്ന്</u>

2024-2025 സാമ്പത്തിക വർഷത്തിലെ 11 മാസം പിന്നിട്ടുമ്പോൾ വരുമാനം 5,000 കോടി കടന്ന് രജിസ്ട്രേഷൻ വകുപ്പ്. ആധാരങ്ങൾ രജിസ്റ്റർ ചെയ്യതിലൂടെയാണ് 5,013 കോടി രൂപ വകുപ്പ് സമാഹരിച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM